# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4863

18.12.2014-ൽ മറുപടിയ്ക്ക്

## ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമായ വൈക്കത്ത് നടപ്പിലാക്കിയ സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.കെ.അജിത് | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമായ വൈക്കത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് തലത്തിൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) വൈക്കം ക്ഷേത്രവുമായി ബന്ധപ്പെട്ട് ശബരിമല തീർത്ഥാടകർ ഉപയോഗിക്കുന്ന പാതകളിലെ തകർന്ന ഭാഗങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. |
| (ബി) തീർത്ഥാടന കാലത്ത് നടത്തുന്ന താത്ക്കാലിക പ്രവർത്തനങ്ങളല്ലാതെ വകുപ്പുതലത്തിൽ സ്ഥിരമായ പ്രയോജനം ലഭിക്കുന്ന ഏതെങ്കിലും പ്രവൃത്തികൾ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ വൈക്കം ക്ഷേത്രത്തിനു സമീപം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വൈക്കം ക്ഷേത്രത്തിന്റെ സമീപമുള്ള പ്രധാന റോഡുകൾ കഴിഞ്ഞ 3 വർഷക്കാലമായി അറ്റകുറ്റപ്പണികൾ നടത്തി തീർത്ഥാടകർക്ക് സ്ഥിരമായ പ്രയോജനം ലഭിക്കുന്ന വിധത്തിലാക്കിയിട്ടുണ്ട്. |
| (സി) വൈക്കം ക്ഷേത്രവുമായി ബന്ധപ്പെട്ട് തീർത്ഥാടകർ ഉപയോഗിക്കുന്ന പ്രധാന റോഡുകൾ ഏതൊക്കെയെന്നും; ഈ റോഡുകളുടെ നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കുമോ? | (സി) ഏറ്റുമാനൂർ - എറണാകുളം റോഡ്, വൈക്കം - വെച്ചൂർ റോഡ്, വടക്കേനട റോഡ്, എൽ.പി. റോഡ്, തെക്കേനട റോഡ്, വൈക്കം ടൗൺ ലിങ്ക് റോഡ്, ചേരുംചുവട് - പുളിച്ചുവട് റോഡ്, ചാലപ്പറമ്പ് റോഡ്, വാഴമന – കൊട്ടാരം റോഡ്, മൂത്തേടത്തുകാവ് റോഡ്, വി.ടി. റോഡ് എന്നിവയാണ് വൈക്കം ക്ഷേത്രവുമായി ബന്ധപ്പെട്ട് തീർത്ഥാടകർ ഉപയോഗിക്കുന്ന പ്രധാന റോഡുകൾ.<br><br>പ്രസ്തുത പാതകൾ അറ്റകുറ്റപ്പണികൾ നടത്തി തീർത്ഥാടകർക്ക് സ്ഥിരമായ പ്രയോജനം ലഭിക്കുന്ന വിധത്തിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ